മുദ്രകൾ

# റിപ്പബ്ലിക്കൻ പ്രചാരണതന്ത്രങ്ങൾക്കെതിരെ കോളിൻ പവൽ

**അമേരിക്കൻ** പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ തോൽക്കുമെന്ന് ഏറെക്കുറെ ഉറപ്പായതോടെ, നവയാഥാസ്ഥിതികരുടെയും സയണിസ്റ്റുകളുടെയും പിടിയിലമർന്ന റിപ്പബ്ലിക്കൻ പാർട്ടി വൃത്തികെട്ട പ്രചാരണതന്ത്രങ്ങളിലേക്ക് കടക്കുന്നു. അമേരിക്കൻ സൈനിക മേധാവിയും ബുഷ്ഭരണത്തിലെ ആദ്യത്തെ വിദേശകാര്യ സെക്രട്ടറിയുമായിരുന്ന കോളിൻപവലിന്റെ വെളിപ്പെടുത്തൽ നൽകുന്ന സൂചന അതാണ്. ഡമോക്രാറ്റിക് പാർട്ടി സ്ഥാനാർഥി ബറാക് ഒബാമക്കെതിരെ മതവിദ്വേഷം ആളിക്കത്തിക്കുന്ന പ്രചാരണതന്ത്രങ്ങളാണ് റിപ്പബ്ലിക്കൻ അകത്തളങ്ങളിൽ രൂപംകൊള്ളുന്നതെന്ന് പവൽ തുറന്നടിച്ചു.

"അയാൾ (ഒബാമ) ഒരു മുസ്‌ലിമാണ്, ഭീകരന്മാർക്ക് അയാളുമായി ബന്ധമുണ്ടാവാൻ സാധ്യതയുണ്ട് എന്ന് എന്റെ പാർട്ടിയിലെ ചില മുതിർന്ന നേതാക്കൾ പറയുന്നത് ഞാൻ കേട്ടു. ഇതൊരിക്കലും അമേരിക്കയിൽ പ്രവർത്തിക്കേണ്ട രീതിയല്ല." *എൻ.ബി.സി*യുമായുള്ള അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു.

"യഥാർഥത്തിൽ ഒബാമ ഒരു മുസ്‌ലിമല്ല. അദ്ദേഹം തുടക്കം മുതലേ ക്രിസ്ത്യാനിയായിരുന്നു. ട്രിനിറ്റി യുണൈറ്റഡ് ചർച്ചിലെ അംഗം. ഇനി അദ്ദേഹം മുസ്‌ലിമാണെന്ന് തന്നെ വെക്കുക. ഇന്നാട്ടിൽ മുസ്‌ലിമാവുക എന്നത് ഒരു അപരാധമാണോ?"

റിപ്പബ്ലിക്കൻ പാർട്ടിയുടെ സമുന്നത നേതാവായിരുന്നിട്ടും, കോളിൻ പവൽ പ്രകടിപ്പിച്ച ആർജവം പരക്കെ പ്രശംസിക്കപ്പെടുകയുണ്ടായി. "ഈ പ്രസ്താവന നമ്മുടെ ആത്മവീര്യം വർധിപ്പിക്കുന്നു"- കൗൺസിൽ ഓൺ അമേരിക്കൻ ഇസ്‌ലാമിക് റിലേഷൻസി(കെയർ)ന്റെ എക്സി. ഡയറക്ടർ അഹ്മദ് റഹബ് പറഞ്ഞു. "പലരും രാഷ്ട്രീയ അവസരവാദത്തിന്റെ



കോളിൻ പവൽ

പിറകെ പോകുമ്പോൾ, ഇവിടെയിതാ ഒരാൾ സത്യം വിളിച്ചുപറയുന്നു." കഴിഞ്ഞ മാസം ഒരു ഇസ്‌ലാംവിരുദ്ധ ഡോക്യുമെന്ററിയുടെ മില്യൻ കണക്കിന് കോപ്പികളാണ് അമേരിക്കയിലുടനീളം വിതരണം ചെയ്തത്. 'Obsession: Radical Islam's War Against The West' എന്ന പേരിലുള്ള സിനിമയുടെ മുക്കാൽ ഭാഗവും കൈയടക്കിയിരിക്കുന്നത് മാർട്ടിൻ ഗിൽബർട്ട്, ഡാനിയൽ പൈപ്സ്, സ്റ്റീവ് എമേഴ്സൺ പോലുള്ള അറിയപ്പെട്ട ഇസ്‌ലാംവിരുദ്ധരുമായുള്ള അഭിമുഖങ്ങളാണ്. ഇടക്കിടെ ഭീകരാക്രമണ ചിത്രങ്ങളും അറബ് ചാനലുകളിൽനിന്നും ചരിത്ര സിനിമകളിൽനിന്നും എടുത്ത ചില ദൃശ്യങ്ങളും. "ഒബാമ മുസ്‌ലിമാണെന്ന് ധ്വനിപ്പിച്ച്, അറബ്-മുസ്‌ലിംവിരുദ്ധ വികാരം ഇളക്കിവിട്ട് വോട്ട് നേടാനുള്ള തന്ത്രമാണിത്"- അറബ് വംശീയ വിവേചനങ്ങൾക്കെതിരെ പ്രവർത്തിക്കുന്ന സംഘടനയുടെ വക്താവ് ലൈലാ ഖത്താമി അഭിപ്രായപ്പെട്ടു. ■

# ഹജ്ജ് സ്വപ്നങ്ങൾ തല്ലിക്കെടുത്തിയ സാമ്പത്തികപ്രതിസന്ധി

**മുഖ്താർ** അലിക്ക് ഇനി ഒരൊറ്റ ആഗ്രഹമേയുള്ളൂ. പുണ്യഭൂമിയായ മക്കയിൽ ചെന്ന് ഹജ്ജ് ചെയ്യണം. ആഗോള സാമ്പത്തിക പ്രതിസന്ധിയിൽപെട്ട് പാകിസ്താൻ സമ്പദ്ഘടനയുടെ നട്ടെല്ലൊടിഞ്ഞതോടെ അദ്ദേഹത്തെപ്പോലുള്ള ആയിരങ്ങൾക്ക് അത്തരം മോഹങ്ങൾ ഉപേക്ഷിക്കേണ്ടിവന്നു. "ഞാനും ഭാര്യയും ഈ വർഷം ഹജ്ജിനുള്ള എല്ലാ ഒരുക്കങ്ങളും ചെയ്തിരുന്നതാണ്. മിച്ചം വെച്ചുപോന്ന നാല് ലക്ഷം രൂപ ഏജന്റിനെ ഏൽപിക്കുകയും ചെയ്തു. ഇപ്പോൾ ഏജന്റ് പറയുന്നു, രണ്ട് ലക്ഷം കൂടി വേണമെന്ന്." കറാച്ചിയിൽ കച്ചവടം നടത്തുന്ന മുഖ്താർ അലി ഹജ്ജിന് പോകാൻ കഴിയാത്തതിലുള്ള സങ്കടം പങ്കുവെക്കുന്നു.

സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് പാകിസ്താൻ ഇന്റർനാഷ്നൽ എയർലൈൻസ് ഒറ്റയടിക്കാണ് സുഊദിയിലേക്കുള്ള വിമാനക്കൂലി അരലക്ഷം രൂപയിൽനിന്ന് ഒരു ലക്ഷം രൂപയായി ഉയർത്തിയത്. ഗവൺമെന്റ് സബ്സിഡി കിട്ടിയാൽ തന്നെ ഒരാൾക്കിപ്പോൾ ഹജ്ജിന് പോകണമെങ്കിൽ രണ്ട് ലക്ഷം രൂപ വേണം. നേരത്തെ അത് ഒന്നര ലക്ഷത്തിൽ താഴെയായിരുന്നു. സ്വകാര്യ ഏജൻസികൾ വഴിയാണ് പോകുന്നതെങ്കിൽ മൂന്ന് ലക്ഷമെങ്കിലും കൈയിൽ കരുതണം. യാത്രാ ചെലവിലുണ്ടായ ഈ ഭീമമായ വർധനവ് കാരണം ഹജ്ജിന് എല്ലാ ഒരുക്കവും നടത്തിയ ഒന്നര ലക്ഷത്തിലധികം വരുന്ന പാകിസ്താനികളിൽ പകുതി പേർക്കും മക്കയിൽ എത്തിച്ചേരാൻ കഴിയാതെ വന്നിരിക്കുന്നു.

ആഗോള സാമ്പത്തിക മാന്ദ്യത്തെ തുടർന്ന് പാക് സമ്പദ്ഘടന മൂക്കു കുത്തി വീഴുകയായിരുന്നു. ഡോളറിന്റെ വിനിമയ നിരക്ക് 60 രൂപയിൽനിന്ന് 80 രൂപയായി ഉയർന്നു. വ്യാപാരക്കമ്മി 12 ബില്യൻ ഡോളർ. ഇത്രയധികം താഴോട്ട് പോവുന്നത് ഇതാദ്യമായാണ്. ഗത്യന്തരമില്ലാതെ ഐ.എം.എഫിന്റെ സഹായം തേടിയിരിക്കുകയാണ് പാകിസ്താൻ. ■

മുദ്രകൾ

# സൽമാൻ ഖുർശിദിന് മനസ്സിലായതും ആര്യാടന് മനസ്സിലാവാത്തതും

**ദൽഹി** ജാമിഅ മില്ലിയയിലെ തീവ്രവാദികളെ കൊന്നത് വ്യാജ ഏറ്റുമുട്ടലാക്കാൻ ജമാഅത്തെ ഇസ്‌ലാമി ശ്രമിക്കുകയാണെന്ന് ആര്യാടൻ മുഹമ്മദ് (*മാധ്യമം* 26-10-2008). സംഭവത്തിൽ ദുരൂഹതയുണ്ടെന്നും അതിനാൽ ജുഡീഷ്യൽ അന്വേഷണം വേണമെന്നും കോൺഗ്രസ്സുകാർ പോലും ആവശ്യമുന്നയിച്ച സന്ദർഭത്തിലാണ് ആര്യാടന്റെ യാതൊരു അടിസ്ഥാനവുമില്ലാത്ത ഈ ആരോപണം. അന്ധമായ ജമാഅത്ത് വിരോധം എന്നേ അതിനെപ്പറ്റി പറയേണ്ടതുള്ളൂ. മുതിർന്ന കോൺഗ്രസ് നേതാവും മുൻ യു.പി കോൺഗ്രസ് പ്രസിഡന്റുമായ സൽമാൻ ഖുർശിദ് *ഹിന്ദു*വിന് നൽകിയ അഭിമുഖം (23.10.2008) തന്നെയാണ് ആര്യാടനുള്ള ഉചിതമായ മറുപടി. അഭിമുഖത്തിൽനിന്ന്:



**സൽമാൻ ഖുർശിദ്**

✱ *എന്തുകൊണ്ടാണ് ജാമിഅ നഗർ ഏറ്റുമുട്ടലുമായി ബന്ധപ്പെട്ട് ഒരു ജുഡീഷ്യൽ അന്വേഷണം വേണമെന്ന് താങ്കൾ ആവശ്യപ്പെടുന്നത്? അത്തരമൊരു ആവശ്യം ഉന്നയിക്കുന്നതിലൂടെ പ്രശ്നത്തെ മുൻവിധിയോടെ കാണുകയല്ലേ താങ്കൾ ചെയ്യുന്നത്?*

- ഏറ്റുമുട്ടലിനെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം വേണമെന്ന് നിരവധിയാളുകൾ ഇതിനകം ആവശ്യപ്പെട്ടുകഴിഞ്ഞു. എനിക്കിതിൽ ഒട്ടും കടുംപിടുത്തമില്ല. ആവശ്യമായ നടപടിക്രമങ്ങളിലൂടെ ഒരു സമവായത്തിലെത്തിച്ചേരണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. കുറച്ചാളുകൾ ഭീകരരാണോ അല്ലയോ എന്ന് തീരുമാനിക്കാൻ മാത്രം നമ്മളാരാണ്? കുറ്റക്കാരെ കോടതിക്ക് മുമ്പിൽ ഹാജരാക്കേണ്ടത് പോലീസിന്റെ ചുമതലയാണ്. പക്ഷേ, കാര്യങ്ങൾ നിയമാനുസൃതമാണോ പോലീസ് കൈകാര്യം ചെയ്തതെന്നറിയാൻ നമുക്ക വകാശമുണ്ട്. ഞങ്ങൾ നേരിടുന്നത് ഭീകരവാദമെന്ന ഗുരുതരമായ പ്രശ്നത്തെയാണെന്നും അതിനാൽ അതേക്കുറിച്ച് കൂടുതലൊന്നും ചോദിച്ചുപോകരുതെന്നും പറഞ്ഞ് ഒഴിഞ്ഞുമാറാൻ നിങ്ങൾക്ക് കഴിയില്ല. ചോദ്യങ്ങൾ ഉയർത്തുന്നവരെ രാജ്യദ്രോഹികളെന്ന് വിളിക്കാൻ ദയവായി തുനിയരുതെന്നാണെന്റെ വിനീതമായ അപേക്ഷ.

നിയമവാഴ്ചയിലെ നിഷ്കളങ്കത കൊണ്ട് സമ്പന്നമാണ് നമ്മുടെ ഇന്ത്യാരാജ്യം. അതുകൊണ്ടാണ് പോട്ടയെ നാം അകറ്റിനിർത്തിയത്. കോൺഗ്രസ് പോട്ടയെ എതിർത്തതിന്റെ കാരണവും അതുതന്നെ. ഞങ്ങളുടേത് ഭാരതീയ ജനതാപാർട്ടിയല്ല. കോൺഗ്രസ് പാർട്ടി അതുകൊണ്ടുതന്നെ ബി.ജെ.പിയുടെ ഭാഷയിൽ സംസാരിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്.

✱ *പ്രസ്തുത കേസിൽ നീതിപൂർവകമായല്ല കാര്യങ്ങൾ നിർവഹിക്കപ്പെട്ടതെന്ന് താങ്കൾ അനുമാനിക്കാനുള്ള കാരണം?*

- നല്ലൊരു വിഭാഗം ആളുകൾ എന്താണ്, എങ്ങനെയാണ് കാര്യങ്ങൾ നടന്നതെന്ന് അറിയാത്തതിൽ ഉത്കണ്ഠപ്പെടുകയും നീതിയുക്തമായല്ല പോലീസ് ഇടപെടലുണ്ടായതെന്ന് വിശ്വസിക്കുകയും ചെയ്യുമ്പോൾ അവരുടെ വികാരത്തെയും നാം മാനിച്ചേ പറ്റൂ.

✱ *എങ്ങനെയാണത്?*

- വിവരങ്ങൾ അറിയാനുള്ള അവസരമെങ്കിലും അവർക്ക് നൽകുക. ഒന്നുകിൽ അന്വേഷണത്തിന് ഉത്തരവിടുക. അല്ലെങ്കിൽ കാര്യങ്ങൾ അവരുമായി നേരിട്ട് പങ്കുവെക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുക. ജുഡീഷ്യൽ അന്വേഷണത്തിന്റെ ആവശ്യമില്ലെന്നും ഈയൊരവസരത്തിൽ അത്തരമൊരു നീക്കം നടത്തുന്നത് ബുദ്ധിയല്ലെന്നും താങ്കൾ പറഞ്ഞേക്കാം. അങ്ങനെയെങ്കിൽ തൃപ്തികരമായ മറ്റൊരു വഴി അവർക്ക് മുമ്പിൽ കാണിച്ചുകൊടുക്കേണ്ടതായി വരും. അത് പോലീസിന്റെയോ സർക്കാറിന്റെയോ ഭാഗത്തുനിന്നുള്ള കൃത്യമായ ഒരു വിശദീകരണമോ സംഭവത്തെക്കുറിച്ചുള്ള സർക്കാർ ധവളപത്രമോ ആകാവുന്നതാണ്. കാര്യങ്ങൾ അറിയാൻ കഴിയണമെന്ന ഒരപേക്ഷ മാത്രമേ എനിക്കുള്ളൂ. ■

## 'മുരീദുമാർ' കുറയുന്നു

**കയ്റോയുടെ** വടക്ക് ഭാഗത്തുള്ള നഗരമാണ് ത്വൻത്വാ. ഇവിടെ വർഷം തോറും സയ്യിദ് അഹ്മദ് ബദവിയുടെ ജന്മദിനാഘോഷം കെങ്കേമമായി കൊണ്ടാടാറുണ്ട്. ലക്ഷക്കണക്കിനാളുകൾ പങ്കുകൊള്ളും. അധികവും ഗ്രാമപ്രദേശങ്ങളിൽനിന്നുള്ള കർഷകർ. പക്ഷേ ഇത്തവണ ആഘോഷങ്ങളിൽ പങ്കെടുക്കാൻ എത്തിച്ചേർന്നവരുടെ എണ്ണം മുൻ വർഷങ്ങളെ അപേക്ഷിച്ച് വളരെ കുറവായിരുന്നുവെന്ന് സംഘാടകർതന്നെ സമ്മതിക്കുന്നു. കാരണം ചോദിച്ചപ്പോൾ ഭക്ഷ്യക്കമ്മി, ആഗോള സാമ്പത്തിക പ്രതിസന്ധി എന്നിങ്ങനെ ഒരുപാട് കാരണങ്ങൾ അവർ നിരത്തുകയും ചെയ്തു.

ദർഗാസന്ദർശനവും വഴിപാട് നേരലുമൊക്കെയാണ് ജന്മദിനാഘോഷത്തിലെ പ്രധാന ചടങ്ങുകൾ. ഇവയൊക്കെ പ്രവാചകാധ്യാപനങ്ങൾക്ക് നിരക്കാത്ത അനിസ്‌ലാമികാചാരങ്ങളാണെന്ന് പൊതുജനം മനസ്സിലാക്കി തുടങ്ങിയതിന്റെ ലക്ഷണമായാണ് ജനപങ്കാളിത്തം ഗണ്യമായി കുറഞ്ഞതിനെ ത്വൻത്വയിൽ ബിസിനസുകാരനായ അബ്ദുല്ല വിലയിരുത്തുന്നത്. ഇത്തരം ആചാരങ്ങളുടെ ജനകീയത ഓരോ വർഷം കഴിയുമ്പോഴും കുറഞ്ഞുവരുന്നതായും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. ■

# *തഫ്ഹീമുൽ ഖുർആന്* നവജീവൻ
## ഖുർആൻ വ്യാഖ്യാനത്തിന്റെ പുതിയ വായനാനുഭവം

**പതിറ്റാണ്ടുകൾക്ക്** മുമ്പ് രചിക്കപ്പെട്ട് വിശാല വായനാവൃത്തം നേടിയെടുത്ത തഫ്ഹീമുൽ ഖുർആന്റെ കമ്പ്യൂട്ടർ പതിപ്പ് പുറത്തിറങ്ങിയതിലൂടെ മൗദൂദി സാഹിബിന്റെ വിഖ്യാത ഖുർആൻ വ്യാഖ്യാന ഗ്രന്ഥത്തിന് അക്ഷരാർഥത്തിൽ പുതുജീവൻ ലഭിച്ചിരിക്കയാണ്. പാരമ്പര്യ വിരസ വായനാരീതിയിൽനിന്ന് ഏറെ വ്യത്യസ്തമായി നവീനമായ ഒരു വായനാനുഭവം സമ്മാനിക്കാൻ കമ്പ്യൂട്ടർ പതിപ്പിന് സാധിച്ചിട്ടുണ്ടെന്ന് അനുഭവസ്ഥർ സമ്മതിക്കും.

പദ്ധതിയെ പരിചയപ്പെടുത്തിക്കൊണ്ട് പ്രസിദ്ധീകരിക്കപ്പെട്ട ലേഖനങ്ങളിൽ വിവരിച്ചിരുന്ന സൗകര്യങ്ങൾ യഥാർഥത്തിൽ അനുഭവിക്കുമ്പോൾ പദ്ധതി പ്രതീക്ഷിച്ചതിനുമപ്പുറം ലക്ഷ്യം നേടി എന്നുറപ്പ്. ഒരു വർഷത്തിനിടക്ക് വെളിച്ചംകണ്ട പദ്ധതിയുടെ പിന്നിൽ മികവുറ്റ സാങ്കേതികവിദ്യക്കു പുറമെ വളരെ വ്യവസ്ഥാപിതമായ ടീംവർക് തന്നെ നടന്നിട്ടുണ്ട്.

വിഷയങ്ങളുടെ വൈപുല്യമാണ് തഫ്ഹീമിന്റെ പ്രത്യേകതയെങ്കിൽ, ഡിജിറ്റൈസേഷൻ പദ്ധതി അതിനെ നമ്മുടെ വിരൽതുമ്പിലേക്ക് ഒതുക്കി തന്നിരിക്കുന്നു. ഗൗരവവായനക്ക് സമയം കാണാത്തവർപോലും കമ്പ്യൂട്ടർ പതിപ്പിന്റെ സുഹൃദ് വലയത്തിലായിപ്പോകും. ഖുർആന്റെ ആഴങ്ങളിലേക്ക് ഊളിയിടാനും വിനോദത്തിലൂടെ വിജ്ഞാനം കരസ്ഥമാക്കാനും കമ്പ്യൂട്ടർ പതിപ്പ് സഹായിക്കും.

ആറുവാള്യങ്ങളിൽ തഫ്ഹീമിന്റെ വിവിധ ഭാഗങ്ങളിൽ പ്രതിപാദിച്ച വിഷയങ്ങൾ ഒന്നിച്ച് റഫർ ചെയ്യാൻ കമ്പ്യൂട്ടർ പതിപ്പ് ഏറെ സഹായകമാണ്. ഉദാഹരണമായി, സമൂദ് വർഗത്തിന്റെ വിവരണം ഖുർആനിൽ 18-ലധികം സ്ഥലങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. ഇതിൽ ആദ്യത്തേത് സൂറത്തുൽ അഅ്റാഫിലാണെങ്കിൽ അവസാനത്തേത് അശ്ശംസിലാണ്. ഇവ ഒന്നിച്ചു ചേർത്ത് വായിക്കണമെങ്കിൽ ആറ് വാള്യങ്ങളും വായനക്കാരൻ തന്റെ മുമ്പിൽ ഒന്നിച്ചു വെക്കണം. എന്നാൽ കമ്പ്യൂട്ടർ പതിപ്പിൽ ഇത് ഏതാനും മൗസ് ക്ലിക്കിലൂടെ ലഭ്യമാണ്. ബാക്ക് ബട്ടൻ ഉപയോഗിച്ച് വായനയുടെ തുടർച്ച നിലനിർത്തുകയും ചെയ്യാം.




കമ്പ്യൂട്ടർ പതിപ്പ് റമദാനിൽ പുറത്തിറങ്ങുമെന്നാണ് ആദ്യം പരസ്യപ്പെടുത്തിയിരുന്നത്. അതനുസരിച്ച് സ്വദേശത്തും വിദേശത്തുമുള്ള അനുഭാവികളിൽനിന്ന്, റമദാൻ സമ്മാനമെന്ന നിലക്കു തന്നെ പ്രീപബ്ലിക്കേഷൻ കോപ്പികൾക്ക് ഓർഡർ പിടിക്കുകയും ചെയ്തു. എന്നാൽ നിശ്ചിത സമയത്ത് പുറത്തിറക്കാൻ തയാറാക്കിയ കോപ്പിയിൽ ഏതാനും കൂട്ടിച്ചേർക്കലുകൾ കൂടി അനിവാര്യമാണെന്ന വിദഗ്ധരുടെ അഭിപ്രായം ഡിജിറ്റൈസേഷൻ പദ്ധതിയുടെ പണിപ്പുരയിലുള്ളവർ വിശാലമനസ്കതയോടെ സ്വീകരിച്ചത് പ്രയോജകർക്ക് ഏറെ ഗുണമായി.

**മുദ്രകൾ**

1995-ൽ കേരള ഹൽഖ അമീറായിരുന്ന പ്രഫ. കെ.എ സിദ്ദീഖ് ഹസൻ സാഹിബും ടി.കെ അബ്ദുല്ല സാഹിബും സുഊദി സന്ദർശിച്ച വേളയിൽ തരപ്പെട്ട ഒരു ഹ്രസ്വസംഭാഷണത്തിനിടക്ക് അറബിയിലെ പൗരാണികവും ആധുനികവുമായ ഖുർആൻ തഫ്സീറുകളുടെ കമ്പ്യൂട്ടർ പതിപ്പുകളെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. കൂട്ടത്തിൽ തഫ്ഹീമുൽ ഖുർആന്റെ മലയാള പതിപ്പും കാലികമായി ഡിജിറ്റൽ സ്വഭാവത്തിലേക്ക് പരിവർത്തിപ്പിക്കണമെന്ന ആഗ്രഹവും ഒരു നിർദേശമായി വന്നു. ഈ ആഗ്രഹം സഫലമായപ്പോൾ അത് പ്രതീക്ഷിച്ചതിലും വളരെ ഉയർന്ന മികവും തികവും പുലർത്തിയിരിക്കുന്നു.

അറബികളിലൊരാൾക്ക് സാന്ദർഭികമായി കമ്പ്യൂട്ടർ പതിപ്പിന്റെ ഡി.വി.ഡി പരിചയപ്പെടുത്താൻ അവസരം ലഭിച്ചു. വളരെ താൽപര്യത്തോടെ അദ്ദേഹം തന്റെ മുന്നിലിരിക്കുന്ന കമ്പ്യൂട്ടറിൽ പ്രോഗ്രാം ഇൻസ്റ്റാൾ ചെയ്യാൻ ആരംഭിച്ചു. അതിനായെടുത്ത പത്ത്, പതിനഞ്ച് മിനിറ്റിനിടക്ക് ഫോണ്ട് വിശദീകരണ രീതി, അവലംബിച്ച ഖാരിഉകൾ, തജ്‌വീദ് തുടങ്ങി ഒരുകൂട്ടം ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. എല്ലാ ചോദ്യങ്ങളും അപ്രസക്തമാക്കിക്കൊണ്ട് തന്റെ കമ്പ്യൂട്ടർ സ്ക്രീനിൽ തെളിഞ്ഞ പ്രോഗ്രാമും അതിന്റെ വൈപുല്യവും കണ്ട് ആ മാന്യദേഹം മനസ്സറിഞ്ഞ് മന്ത്രിച്ചു: മാഷാ അല്ലാഹ്! വലില്ലാഹിൽ ഹംദ്!!

**അസ്ർ പുള്ളിയിൽ**